(a) A copy of Notification G. O. MS. 383/63/Rev. dated 20th November 1963 (S. R. O. No 764/63) containing amendments to the Rules for the disposal of confiscated articles.

(b) A copy of Notification G. O. MS. 42/64/Rev. dated 16th January 1964 (S. R. O. No 22/6 ) containing amendments to the Kerala Liquor Permit (Personal consumption) Rules, 1962.

## LEGISLATIVE BUSINESS

### The Kerala Panchayat Union Councils and Zilla Parishads Bill 1964 (Contd.)

**Mr. Speaker :** We are considering the Motion for reference to Select Committee of the Kerala Panchayat Union Councils and Zilla Perishads Bill, 1964. I call upon Shri K. K. Viswanathan to speak on the motion.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഈ ബിൽ പൊതുജനങ്ങളുടെ ഇടയിൽ സർക്കുലേറ്റ് ചെയ്യണമെന്ന ഒരു അഭിപ്രായ വ്യത്യാസം ഇവിടെ കേൾക്കുകയുണ്ടായി. അതിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഇതു സെലക്ട് കമ്മിറ്റിക്കയച്ചാൽമതി. സെലക്ട് കമ്മിറ്റിക്കു തന്നെ ഭേദഗതി വരുത്താവുന്നതാണല്ലോ. സെലക്ട് കമ്മിറ്റിക്കു ആവശ്യമെന്നു തോന്നുന്നപക്ഷം ജനങ്ങളുടെ അഭിപ്രായം ശേഖരിക്കുന്നതിനു സൗകര്യം ഉണ്ടായിരിക്കും. അതു മാത്രവുമല്ല, പഞ്ചായത്തുരാജ് എന്നു പറയുന്ന പരിഷ്കാരത്തെ സംബന്ധിച്ചു കേരളം മാത്രമല്ല ആലോചിച്ചിട്ടുള്ളതു്. ഇതിനെ സംബന്ധിച്ചു അഖിലേന്ത്യാ അടിസ്ഥാനത്തിൽ പല കാൺഫറൻസുകളും ചർച്ചകളും നടന്നിട്ടുണ്ടു്. അവരുടെ നിഗമനങ്ങളും അവരുടെ തീരുമാനങ്ങളുമെല്ലാം നമ്മുടെ മുമ്പിൽ ഉണ്ടു്. അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങൾക്കു ഒരു പൊതു രൂപവും ആവശ്യമാണു്. ഒരോ സ്റ്റേറ്റിലും അവിടത്തെ പ്രത്യേക പരിതസ്ഥിതികൾക്കു അനുസൃതമായ ചില വ്യത്യാസങ്ങളും വരുത്താം. എന്നുള്ളതൊഴിച്ചു കേരളമേ പഞ്ചായത്തു രാജിന്റെ രൂപത്തിനു വ്യത്യാസം വരുത്താൻ കഴിയുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടാണു് ഈ ബിൽ സർക്കുലേറ്റ് ചെയ്യേണ്ട ആവശ്യമില്ല എന്നു ഞാൻ പറഞ്ഞതു്. സർ, നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം മറ്റു സ്റ്റേറ്റുകൾക്കില്ലാത്തതായ ഒരു ഒരു പ്രത്യേകത ഉണ്ടു്. നമ്മുടെ പഞ്ചായത്തുകൾ മറ്റു സ്റ്റേറ്റുകളിൽ ഉള്ള വയേക്കാൾ വലിയ പഞ്ചായത്തുകളാണു്. മറ്റു സ്റ്റേറ്റുകളിൽ ശരാശരി ആയിരം പേർ ഉൾപ്പെടുന്ന പഞ്ചായത്തുകളാണു് ഉള്ളതെങ്കിൽ ഇവിടുള്ള പഞ്ചായത്തുകളിൽ ശരാശരി പതിനായിരംപേർ ഉണ്ടു്. അങ്ങനെനോക്കിയാൽ ഇവിടത്തെ പഞ്ചായത്തുകൾക്കു സ്വന്തം കാലിൽ നിൽക്കാവുന്ന തരത്തിലുള്ള ദാർഢ്യം ഉണ്ടായിട്ടുണ്ടു്. അതു വച്ചുകൊണ്ടുവേണം ഗവണ്മെന്റിനേയും പഞ്ചായത്തിനേയും ഇടയ്ക്കുള്ള ഘടകങ്ങളെപ്പറ്റി ചിന്തിക്കുവാൻ. ഏറ്റവും താഴെയുള്ള ഘടകമായ പഞ്ചായത്തിനു ചെയ്യാൻ കഴിയാത്ത കാര്യങ്ങളാണു് ഈ ഘടകങ്ങൾ ചെയ്യേണ്ടതു്. കോളനിയെ സംബന്ധിച്ചിടത്തോളം പഞ്ചായത്താക്ട്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളും തന്നെ ഭംഗിയായി നിറവേറ്റാൻ ഇവിടത്തെ പഞ്ചായത്തിനു കഴിയുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അവർക്കു ആവശ്യമായ സാമ്പത്തിക വരുമാനമാർഗ്ഗം കാണിച്ചു കൊടുത്താൽ മാത്രം മതി. മറ്റു പല സ്റ്റേറ്റുകൾക്കും ഇതു സാദ്ധ്യമല്ല. അതുകൊണ്ടു് അവിടങ്ങളിൽ പഞ്ചായത്തുകൾക്കു ഉപരിയായിട്ടുള്ള പഞ്ചായത്തു സമിതികൾക്കോ, യൂണിയനുകൾക്കോ, ജില്ലാപരിഷത്തുകൾക്കോ കൂടുതൽ അധികാരം കൊടുത്തിട്ടുള്ളതായി കാണാം. നമുക്കു അതിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. പ്രത്യേകിച്ചും ജില്ലാപരിഷത്തുകൾക്കു് കാര്യമായ പ്രവർത്തനങ്ങളും എന്തെങ്കിലും ചെയ്യുവാൻ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. ജില്ലാ അടിസ്ഥാനത്തിൽ നടക്കേണ്ടതായ മിക്കവാറും പ്രവർത്തനങ്ങളും ഡിപ്പാർട്ടുമെന്റു ചെയ്തു തീർക്കേണ്ടതായതാണു്. സ്റ്റേറ്റു അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

നടക്കുന്ന കാര്യങ്ങളെപ്പറ്റിയാണു് പ്രധാനമായി ജില്ല പരിഷത്തു് ആലോചിക്കുന്നതു്. അതു ഇപ്പോഴും തന്നെ ഗവണ്മെൻറിന്റെ മറ്റു പല മെഷീനറികളും മുഖേന കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ടു്. ജില്ലാ പരിഷത്തു നമ്മുടെ ഇവിടത്തെ സാഹചര്യത്തിൽ ഒരു പ്രത്യേക അധികാരമുള്ള ഒരു ബോഡിയായിത്തീരേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഡിസ്ട്രിക്ടു് ഡവലപ്പുമെൻറു കൗൺസിൽഇപ്പോഴും ചെയ്യുന്നതുപോലെഇതെല്ലാം കോവാർഡിനേറ്റുചെയ്യുന്ന ഒരു ബോഡിയായി ജില്ലാ പരിഷത്തു് പ്രവർത്തിക്കുകയായിരിക്കും നല്ലതു്. ഡിസ്ട്രിക്ടു് ഡവലപ്പുമെൻറു കൗൺസിലിന്റെ ഉപദേശനുപേണയുള്ള പ്രവർത്തനങ്ങളും കൊണ്ടു തന്നെ മിക്കവാറും കാര്യങ്ങളും കൗൺസിൽ വിചാരിക്കുന്നതരത്തിൽ ചെയ്യാൻ കഴിയുന്നുണ്ടു്. ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ജില്ലാ പരിഷത്തു് ഇതിൽ നിന്നു വ്യത്യസ്തമായിട്ടുള്ളതല്ല. എം. എൽ. എ. മാർക്കും മറ്റു ജനപ്രതിനിധികൾക്കും പ്രാതിനിധ്യം കൊടുത്തുകൊണ്ടും വോട്ടവകാശം കൊടുത്തുകൊണ്ടുമാണു്, ജില്ലാ പരിഷത്തു സംഘടിപ്പിക്കുന്നതു്. അതു എക്സിക്യൂട്ടീവു് അധികാരങ്ങളും കൂടിയുള്ള ഒരുബോഡിയായിത്തീരണമെന്നു പറയുകയാണെങ്കിൽ കൂടുതൽ ചെലവു വർദ്ധിക്കുക എന്നുള്ളതിൽ കവിഞ്ഞു പ്രത്യേകമായി എന്തെങ്കിലും നേട്ടമുണ്ടാകുമെന്നു എനിക്കു വിശ്വാസമില്ല. പക്ഷേ ഒരു കാര്യം ആലോചിക്കേണ്ടതാണു്. ഇന്നു ഡിസ്ട്രിക്ടു് കളക്ടർമാരാണു് മിക്കവാറും ഭരണം നിക്ഷിപതമായിരിക്കുന്നതു്. അപ്പോഴും ജില്ലാ പരിഷത്തിനു ഒരു നോൺ ഒഫിഷ്യൽ ചെയർമാൻ ഉണ്ടായിരിക്കുന്നതുകൊണ്ടു് വലിയ ദോഷമുണ്ടാകുമെന്നു തോന്നുന്നില്ല.ചെയർമാനു എക്സിക്യൂട്ടീവു് അധികാരം വേണമെന്നില്ല. ഇന്നു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ചെയർമാനും, എക്സിക്യൂട്ടീവു് അതാറിട്ടിയും ഉണ്ടെങ്കിലും എക്സിക്യൂട്ടീവു് അതാറിട്ടിയാണു് അവിടത്തെ കാര്യങ്ങളും നിർവഹിക്കുന്നതു്. അതുകൊണ്ടു് ജില്ലാഅടിസ്ഥാനത്തിൽ കാര്യങ്ങളും നിറവേറുന്നതിനുള്ള ചുമതല ഡിസ്ട്രിക്ടു് കളക്ടർക്കു ആണെങ്കിൽ പോലും പരിഷത്തിന്റെ ചർച്ചകളും മറ്റും നിയന്ത്രിക്കുന്നതിനു വേറൊരാളും ചെയർമാനായി വരുന്നതു കൊണ്ടു് വലിയ വിഷമം ഉണ്ടാകാൻ ഇടയില്ല എന്നാണു് എനിക്കു തോന്നുന്നതു്. ഇതിൽ കവിഞ്ഞ മാറ്റം ജില്ലാ പരിഷത്തിന്റെ ഘടനയിൽ ആവശ്യമില്ല. മറ്റു എന്തെങ്കിലും കൂടുതൽമാറ്റം വരുത്തുകയാണെങ്കിൽ അതു കൂടുതൽ പണം ചെലവഴിക്കുന്നതിനേ സഹായകമാവു. പഞ്ചായത്തു യൂണിയനുകളും ഇവിടെ ബ്ലോക്കു അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുവാനാണുദ്ദേശിക്കുന്നതു്. വികസന പ്രവർത്തനങ്ങൾക്കു അതാവശ്യമാണു്. അങ്ങനെ വരുന്ന അവസരത്തിൽ ഒന്നു നോക്കുവാനുള്ളതു് പഞ്ചായത്തു നിറവേറ്റുന്ന ചുമതലകളും തന്നെ യൂണിയനെ ഏല്പിക്കണമോ എന്നുള്ളതാണു്. അങ്ങനെ വരാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണു്. ബിൽവായിച്ചു നോക്കിയാൽ പഞ്ചായത്തിന്റെയും യൂണിയന്റേയും അധികാരങ്ങളിൽ ഓവർലാപ്പിംഗ് ഉണ്ടെന്നു കാണാൻ കഴിയും. പഞ്ചായത്തിനെകൊണ്ടു നിറവേറ്റാൻകഴിയാത്ത ചുമതലകളും പഞ്ചായത്തുയൂണിയനുകൾക്കു വിട്ടുകൊടുക്കുകയും കഴിയുന്നവ പഞ്ചായത്തിനെ ഏല്പിക്കുകയും ചെയ്യേണ്ടതാണു്.

സർ, ഇവിടെ ഗവണ്മെൻറു് ഭരണസംവിധാനത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റു വില്ലേജു് എന്നാണു് വെച്ചിരിക്കുന്നതു്. പക്ഷേ പ്രാദേശികഭരണയൂണിറ്റുകളും പഞ്ചായത്തുകളാണു്. ഇതു് രണ്ടും രണ്ടായിട്ടു് തുടരണമോയെന്നുള്ളതിനെപ്പറ്റി ആലോചിക്കണം. ഇവിടെ പഞ്ചായത്തുരാജു് വന്നതിനു ശേഷം വില്ലേജു് അടിസ്ഥാനത്തിൽ ഭരണം നടത്തുന്ന യൂണിറ്റുകളും തുടർന്നുകൊണ്ടുപോകേണ്ട ആവശ്യമുണ്ടോയെന്നുള്ളതിനെപ്പറ്റി ആലോചിക്കേണ്ടതാണു്. ഇങ്ങനെ രണ്ടു യൂണിറ്റുകളും പ്രവർത്തിക്കുന്നതുകൊണ്ടു് വളരെയധികം ചെലവും ഭരണപരമായ കാര്യങ്ങളിൽ പല വൈഷമ്യങ്ങളും ഉണ്ടാകും. അതുകൊണ്ടു് വില്ലേജുകൾക്കു പകരം പഞ്ചായത്തു് ഭരണം നടത്തികൊണ്ടുപോകുന്നതല്ലേ നല്ലതു് എന്നു് ഗവണ്മെൻറും സെലക്ടു് കമ്മറിയും ആലോചിക്കണം. അങ്ങനെ ഭരണകാര്യത്തിൽ ഏറ്റവും ചെറിയ ഘടകം പഞ്ചായത്തുകളായിത്തീരണം. ഇതിൽ ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചിരിക്കുന്നതു് പഞ്ചായത്തു് സമിതിയ്ക്കു് കീഴിലുള്ള പഞ്ചായത്തുകൾക്കു് തമ്മിൽ ഒരു ജോയിൻറു കമ്മിറ്റി ഏർപ്പെടുത്താമെന്നാണു്. ഈ ബിൽ പാസാക്കിയ

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനശേഷം ഒന്നിലധികം പഞ്ചായത്തുകളെ ചേർത്ത് ജോയിന്റ് കമ്മിറ്റികളെ രൂപീകരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ജോയിന്റ് കമ്മിറ്റികളെ രൂപീകരിക്കുന്നതു് ഒന്നിലധികം പഞ്ചായത്തുകളുടെ പ്രവർത്തനത്തിനുവേണ്ടിയാണു്. ഈ ബിൽ പ്രകാരം ഒരു യൂണിയൻ കൗൺസിൽ രൂപീകരിക്കാമെന്നുണ്ടു്, അപ്പോഴും ഒരു യൂണിയന്റെ കീഴിൽ വരുന്ന പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളും യൂണിയൻ കൗൺസിലിനു തന്നെ നിർവ്വഹിക്കാൻ സാധിക്കും. ആ നിലയിൽ ജോയിന്റ് കമ്മിറ്റികളെ പ്രവർത്തിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ ബില്ലനുസരിച്ചു് രൂപീകരിക്കപ്പെടുന്ന യൂണിയൻ കൗൺസിലിൽ എം. എൽ. എമാരും അസോസിയേറ്റഡ് അംഗങ്ങളായി വരുന്നുണ്ടു്. അവർക്കു വോട്ടവകാശം ഇല്ല. അഖിലേന്ത്യാ അടിസ്ഥാനത്തിൽ വിളിച്ചുകൂട്ടിയ ചില കോൺഫറൻസുകളുടെ തീരുമാനമനുസരിച്ചാണു് യൂണിയനിൽ എം. എൽ. എമാർക്കു് വോട്ടവകാശം വേണ്ടെന്നു വച്ചതു്. അതിനു് പറയുന്ന കാരണം എം. എൽ. എ. മാർ ഈ യൂണിയനുകളുടെ തീരുമാനങ്ങളിൽ സ്വാധീനം ചെലുത്തുമെന്നും, അങ്ങനെ കൂടുതൽ സ്വാധീനം ചെലുത്തിയാൽ അവയുടെ ഭരണപരമായ കാര്യങ്ങൾക്കു് അതു് സഹായകരമായി വരികയില്ലെന്നുമാണു്.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയാണെങ്കിൽ ഈ എം. എൽ. എ. മാർ ഹാജരാകേണ്ട എന്നു തീരുമാനിച്ചാൽ പോരേ?

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇതു് എല്ലാ സ്റ്റേറ്റുകളിലുംകൂടി ചേർന്നു് അഖിലേന്ത്യാ അടിസ്ഥാനത്തിൽകൂടിയ ഒരു കോൺഫറൻസിൽവച്ചു് എടുത്ത തീരുമാനമാണു്. എം. എൽ. എ. മാരുടെ അഭിപ്രായങ്ങളും മാത്രം ഭരണപരമായ കാര്യങ്ങളിൽ സ്വീകരിച്ചാൽ മെമ്പറന്മാർക്കു് സ്വന്തമായി ഒരു തീരുമാനം എടുക്കാൻ സൗകര്യം ഇല്ലാതെ വരും. അതുകൊണ്ടു് അവർ അഭിപ്രായപ്രകടനം മാത്രം നടത്തിയാൽ മതിയെന്നാണു് പറയുന്നതു്. ഈ ബില്ലിൽ കൊടുത്തിരിക്കുന്ന ഒരു വ്യവസ്ഥപ്രകാരം ഒരു എം. എൽ. എ. ഏതെങ്കിലും പഞ്ചായത്തിലെ പ്രസിഡണ്ടായിരുന്നാൽ ആ എം. എൽ. എ. പഞ്ചായത്തിനെ പ്രതിനിധീകരിച്ചു കൗൺസിലിൽ വരുന്നു് എന്നു പറയുന്നുണ്ടു്. എം. എൽ. എ. പഞ്ചായത്തു് പ്രസിഡണ്ടായി കഴിഞ്ഞാൽ പിന്നെ ആ എം. എൽ. എ. അസോസിയേറ്റഡ് മെമ്പറായി തുടരണമെന്നു് പറയുന്നതിൽ അർത്ഥമില്ല. പഞ്ചായത്തു് പ്രസിഡണ്ടു് എന്ന നിലയിൽ കൗൺസിലിൽ വന്നു അഭിപ്രായങ്ങളും പറയുന്നതിനും തീരുമാനങ്ങളും എടുക്കുന്നതിൽ പങ്കുകൊള്ളുന്നതിനും അവസരം ഉണ്ടായിരിക്കേണ്ടതാണു്. പ്രസിഡണ്ടുമാരല്ലാത്ത എം. എൽ. എ. മാരെ സംബന്ധിച്ചിടത്തോളം അവർക്കു് വോട്ടിംഗിൽ പങ്കെടുക്കാതിരിക്കുകയെന്നുള്ള ആശയം സ്വീകരിക്കുന്നതായിരിക്കും നല്ലതെന്നാണു് എന്റെ അഭിപ്രായം.

സർ, യൂണിയനാവശ്യത്തിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ടാക്സുകളെ സംബന്ധിച്ചും വരുമാന മാർഗ്ഗങ്ങളെ സംബന്ധിച്ചും ഇതിൽ പറഞ്ഞിട്ടുണ്ടു്. ഇന്നു് പഞ്ചായത്തുകൾ പിരിച്ചെടുക്കുന്ന ലാൻഡ് റവന്യൂവിൽ 75 ശതമാനം പഞ്ചായത്തുകൾക്കെടുക്കാമെന്നും ബാക്കി 25 ശതമാനം ഗവണ്മെന്റിനു തോന്നിയാൽ പഞ്ചായത്തിനുവേണ്ടി ചെലവാക്കുന്നതിനു് കൊടുക്കണമെന്നുമാണു്. എന്റെ അഭിപ്രായത്തിൽ പഞ്ചായത്തുകൾ പിരിച്ചെടുക്കുന്ന ലാൻഡ് റവന്യൂ മുഴുവനും പഞ്ചായത്തുകൾക്കു് തന്നെ വിട്ടുകൊടുക്കണമെന്നാണു്. അത്തരത്തിലുള്ള ഒരു ഭേദഗതി പഞ്ചായത്തു് നിയമത്തിൽ അത്യാവശ്യം വേണ്ടതാണു്. പഞ്ചായത്തുരാജ് എന്നുള്ള പരിഷ്കാരം നടപ്പിലാക്കണമെന്നുള്ള ഉദ്ദേശം ഉണ്ടെങ്കിൽ ഈ ഘടകങ്ങൾക്കു് പ്രവർത്തിക്കാൻ ആവശ്യമായ പണം ഉണ്ടാക്കണം. അങ്ങനെ ഗവണ്മെന്റിൽനിന്നും നികുതി പിരിച്ചു് ആവശ്യമായ പണം കൊടുക്കാമെന്നുള്ള സംപ്രദായം സ്വീകരിക്കുന്നതു് ശരിയല്ല. എത്ര ഉദ്ദേശത്തോടുകൂടിയാണോ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളും ഏർപ്പെടുത്തുന്നതു് ആ ഉദ്ദേശത്തെ പരാജയപ്പെടുത്താൻ ഈ വ്യവസ്ഥയ്ക്കു് കഴിയുമെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഒരു യൂണിയൻ കൗൺസിലിന്റെ കീഴിൽ വരുന്ന എല്ലാ പഞ്ചായത്തുകൾക്കും അതതിന്റെ പരിധിയുള്ളിൽനിന്നും പിരിച്ചെടുക്കാൻ സാധിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

നികുതികൂടി വിശേഷിച്ചും ഭൂനികുതി മുഴുവനും പിരിച്ചെടുക്കുന്നതിനുള്ള അവകാശം കൊടുക്കുന്നതായിരിക്കും നല്ലത്. അങ്ങനെയായാൽ ഇന്നു് ഗവണ്മെൻറിനെകൊണ്ടു് പിരിക്കാൻ സാധിക്കാതിരിക്കുന്ന പല നികുതികളും പഞ്ചായത്തുകൾക്കു് പിരിക്കുന്നതിനു് സാധിക്കുന്നതാണു്. അങ്ങനെ പിരിച്ചെടുക്കുന്ന തുകയും ഉപയോഗിച്ചു് പഞ്ചായത്തുകളിൽ വികസന പ്രവർത്തനങ്ങളും നടത്തുന്നതിനും സാധിക്കും. ഗവണ്മെൻറു മറ്റു പ്രകാരത്തിൽ എന്തെങ്കിലും സഹായങ്ങളും ചെയ്തുകൊടുത്താൽ മതി. സ്റ്റേറിനു് കൂടുതൽ നികുതികളും പിരിച്ചെടുക്കാൻ പ്രയാസമാണു്, നികുതികളും കൂടുതൽ ചുമത്തുന്നുവെന്നു് പറഞ്ഞു ജനങ്ങളും ആക്ഷേപിക്കുകയും ചെയ്യും. സ്വയം ഭരണസ്ഥാപനങ്ങളും കൂടുതൽ നികുതി ഏർപ്പെടുത്തി, ആ നികുതി വഴി പിരിച്ചെടുക്കുന്ന സംഖ്യ ആ സ്വയം ഭരണസ്ഥാപനത്തിൻെറ പരിധിയുള്ളിൽ തന്നെ വികസനപ്രവർത്തനങ്ങൾക്കു് ചെലവാക്കുമെന്നുള്ള ഒരു തോന്നൽ ജനങ്ങൾക്കുണ്ടായാൽ അവർ നികുതി കൊടുക്കുന്നതിനും, അങ്ങനെ പഞ്ചായത്തിനു് കൂടുതൽ വരുമാന മാർഗ്ഗം ഉണ്ടാക്കുന്നതിനും സാധിക്കും അതു കൊണ്ടാണു് ഞാൻ പറയുന്നതു് ഇതിൽ കൊടുത്തിരിക്കുന്ന വ്യവസ്ഥയിൽ ഒരു മാറ്റം വരുത്തി പഞ്ചായത്തുകൾക്കതന്നെ നികുതികളും പിരിച്ചെടുക്കുന്നതിനും, അതായതു പഞ്ചായത്തുകളും പിരിച്ചെടുക്കുന്ന തുകയും അതായതു പഞ്ചായത്തുകളിൽ തന്നെ ചെലവഴിക്കുന്നതിനും ആവശ്യമായ ഒരു ഭേദഗതി വരുത്തണമെന്നു്.

ഇവിടെ പഞ്ചായത്തു യൂണിയനുകളുടെ വരുമാനമാർഗ്ഗത്തെ സംബന്ധിച്ചു് പറയുന്നിടത്തു് കൂടുതലായിട്ടു് എന്തെങ്കിലും ടാക്സു് ഏർപ്പെടുത്തി വരുമാനം കൂടുതലുണ്ടാക്കാൻ സാധിക്കുമോയെന്നും നോക്കേണ്ടതാണു്. ഇൻഡ്യയിലെ മറ്റു ചില സ്റ്റേറുകളിൽ ഇപ്പോൾ മാരിയേജു് ടാക്സു് ഏർപ്പെടുത്തിയിട്ടുണ്ടു്. എന്തുകൊണ്ടു് നമ്മുടെ സ്റ്റേറിലുള്ള പഞ്ചായത്തു യൂണിയനുകളിലും ഇത്തരത്തിലുള്ള ഒരു ടാക്സു് ഏർപ്പെടുത്തിക്കൂടാ എന്നുള്ളതിനെപ്പറ്റി ആലോചിക്കണം. ഒരു വിവാഹം നടത്തുന്നതിനുവേണ്ടി വളരെയധികം പണം ചെലവഴിക്കുന്നുണ്ടു്. ഇങ്ങനെ ഒരു മംഗളകാര്യത്തിനുവേണ്ടി പലവിധത്തിലും പണം ചെലവഴിക്കുന്ന കൂട്ടത്തിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു ടാക്സും കൂടി കൊടുക്കണമെന്നു് ഏർപ്പാടു ചെയ്താൽ എല്ലാവരും അതു് കൊടുക്കും. അതിലാർക്കും വിസമ്മതം കാണുമെന്നു് തോന്നുന്നില്ല. മതപരമായിട്ടുള്ള രീതിയിൽ വിവാഹം നടത്തികഴിഞ്ഞാൽ സ്വയംഭരണ സ്ഥാപനങ്ങളിൽപോയി അതു് രജിസ്റ്റർ ചെയ്യണമെന്നു് മറ്റു പല രാജ്യങ്ങളിലും ഏർപ്പാടു ചെയ്തിട്ടുണ്ടു്. അങ്ങനെ രജിസ്റ്റർ ചെയ്യാൻ പോകുന്ന സന്ദർഭത്തിൽ അതിനു് ഒരു ചെറിയ ഫീസു് ഈടാക്കും. രജിസ്റ്റർ ഫീസും മാരിയേജു് ടാക്സും കൂടി ഒരു ചെറിയ തുക പഞ്ചായത്തിലേയ്ക്കു് കിട്ടും. അത്തരത്തിലുള്ള ഒരു ഏർപ്പാടു് നമ്മുടെ സ്റ്റേറിലും ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഇതിനെപ്പറ്റി സെലക്ടു കമ്മിറ്റി ആലോചിക്കേണ്ടതാണു്. പഞ്ചായത്തുരാജിൻെറ പ്രവർത്തനം സുഗമമാക്കുന്നതിനും പരിഷ്കരിക്കുന്നതിനും വേണ്ടി കൊണ്ടു വന്നിട്ടുള്ള ഈ ബില്ലിൽ പറഞ്ഞിട്ടുള്ളതും ആവശ്യമായതുമായിട്ടുള്ള ഭേദഗതികളും വരുത്തുന്നതിനെപ്പറ്റി സെലക്ടുകമ്മിറ്റി അവധാനപൂർവ്വം ആലോചിക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ഈ ബിൽ സെലക്ടുകമ്മിറ്റിയ്ക്കു് അയക്കണമെന്നുള്ള പ്രമേയത്തെ പിൻതാങ്ങികൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. ആർ. വിജയൻ: സർ, ഞാൻ ഈ ബിൽ സെലക്ടുകമ്മിറ്റിക്കയയ്ക്കണമെന്നുള്ള പ്രമേയത്തെ പിൻതാങ്ങുകയും, ഇതു സർക്കുലേറു ചെയ്യണമെന്നുള്ള അഭിപ്രായത്തെ എതിർക്കുകയും ചെയ്യുന്നു. എത്രയും വേഗത്തിൽ ഒരു നിയമമായി കൊണ്ടുവരേണ്ട ഒരു ബില്ലാണു് ഇതെന്നാണു് എൻെറ അഭിപ്രായം. അതുകൊണ്ടു് ഈ ബിൽ സർക്കുലേറു ചെയ്യാതെ സെലക്ടു കമ്മിറ്റിയ്ക്കയച്ചു് റിപ്പോർട്ടു് വരുത്തി ഏറ്റവും വേഗം ഒരു നിയമമാക്കി നടപ്പിലാക്കേണ്ടതാണു്. സർക്കുലേറു ചെയ്യുമ്പോൾ തീർച്ചയായിട്ടും കാല

LIBRARY ARCHIVES Kerala Legislative Assembly

താമസം വരുമെന്നുള്ളതിനു് സംശയമില്ല. ഈ ബില്ലിനെക്കുറിച്ചു് വിശദമായി പഠനം നടത്തിയിട്ടുള്ള മേന്നാ കമ്മിറ്റിയുടെ റിപ്പോർട്ടിലുള്ള തത്ത്വങ്ങൾ കൂടി ഉൾപ്പെടുത്തി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണു് ഇതു് ആ സ്ഥിതിക്കു് എന്തെങ്കിലും കാര്യമായ മാറ്റങ്ങൾ ഇനി വരുത്തേണ്ടതുണ്ടെങ്കിലും അതിനെപ്പറ്റി സെലക്ടുകമ്മിറ്റി ആലോചിച്ചു തീരുമാനിച്ചാൽ മതിയാകുമെന്നാണു് എന്റെ അഭിപ്രായം.

സർ, യൂണിയൻ കൗൺസിലിനെ സംബന്ധിച്ചു് ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. യൂണിയൻ കൗൺസിൽ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളും നോമിനേറ്റുചെയ്യപ്പെടുന്ന അംഗങ്ങളും ഇവരെല്ലാംകൂടിച്ചേർന്നുണ്ടാകുന്ന ഒരു സമിതിയാണു്. ഇതിൽ എല്ലാ പ്രദേശത്തുമുള്ള ആളുകൾക്കു് പ്രാധിനിധ്യം കിട്ടുമോയെന്നുള്ളതിനെപ്പറ്റിയും ആലോചിക്കണം. യൂണിയൻ കൗൺസിൽ നിലവിൽ വരുന്നതോടുകൂടി ബ്ലാക്കു് വികസന സമിതികളും ഇല്ലാതായിത്തീരുന്നു. ബ്ലാക്കു് വികസന സമിതികളിൽ മൈനർ മുനിസിപ്പാലിറ്റിയെ പ്രതിനിധീകരിച്ചുകൊണ്ടു് മുനിസിപ്പാലിറ്റികളുടെ ചെയർമാൻ ഉണ്ടായിരുന്നു. ഈ പല കാര്യങ്ങളും മൈനർ മുനിസിപ്പാലിറ്റികളിൽ കൂടി ഫലപ്രദമായി ആസൂത്രണം ചെയ്യേണ്ടതുണ്ടു്. ഇങ്ങനെയിരിക്കുന്ന സമയത്തു് യൂണിയൻ കൗൺസിലുകളും നിലവിൽ വരുന്നതോടുകൂടി വികസന സമിതികളും ഇല്ലാതാകുകയും, ആ അവസരത്തിൽ മൈനർ മുനിസിപ്പാലിറ്റിക്കു് പ്രാതിനിധ്യം ഇല്ലാതാകുകയും, ചെയ്യുന്ന പക്ഷം അതു് അവിടത്തെ വികസന പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുമോയെന്നും ആലോചിക്കേണ്ടതാണു്. ഈ ബില്ലു പ്രകാരം പഞ്ചായത്തുകൾക്കു് പിരിക്കാൻ അധികാരം നൽകിയിട്ടുള്ള നികുതികളും ഒന്നും തന്നെ യൂണിയൻ കൗൺസിലിനു നൽകുന്നില്ല. അതിന്റെ ഫലമായിട്ടു് പഞ്ചായത്തുകൾക്കു് കൂടുതലായിട്ടു് നികുതികളും നഷ്ടപ്പെടുന്നില്ല. ജലനികുതിയുംപ്പെടെയുള്ള നികുതികളുടെ മേൽ ഒരു സെസ്സു് ഏർപ്പെടുത്തുന്നതു് ശരിയല്ല. കാരണം ജലസേചനപദ്ധതികളും ഉള്ള പ്രദേശങ്ങളിൽ കൃഷിക്കാർ ജലനികുതിയും അതിനു മുകളിൽ സെസ്സും കൊടുക്കേണ്ടതെന്നു് ഏർപ്പാടു ചെയ്യുകയാണെങ്കിൽ അതു് കർഷകരെ സംബന്ധിച്ചിടത്തോളം വളരെ വിഷമകരമായിരിക്കും. അതുകൊണ്ടു് അതു് ഒഴിവാക്കണം.

എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ വിശ്വനാഥൻ പറഞ്ഞതുമാതിരിയുള്ള പുതിയ നികുതികളും ഏർപ്പെടുത്താൻ കഴിയുകയാണെങ്കിൽ തീർച്ചയായും അത്തരം നികുതികളും സ്വാഗതാർഹമാണെന്നു് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. സർ, അധികാരം തന്നെ ഇരട്ടിപ്പു (overlapping) വരുന്നുണ്ടെന്നു ഇവിടെ ആക്ഷേപം പറഞ്ഞു കേൾക്കുകയുണ്ടായി. അങ്ങനെ അധികാരം ഇരട്ടിപ്പു വരുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതുണ്ടു്. ഗ്രാമനിലവാരത്തിൽ ചില ചെറിയ റോഡുകളുടെ പണി, ജലസേചനത്തിനാവശ്യമുള്ള പണികൾ, ആരോഗ്യകരമായ കാര്യങ്ങൾക്കാവശ്യമുള്ള പണികൾ, ചെറുകിട വ്യവസായ സഹകരണങ്ങൾ, ഫിഷറീസു് എന്നിങ്ങനെ ഗ്രാമനിലവാരത്തിലുള്ള കാര്യങ്ങൾ പഞ്ചായത്തു് യൂണിയനും പഞ്ചായത്തിനും ചെയ്യാൻ അധികാരം കൊടുത്തിട്ടുണ്ടു്. പക്ഷെ ഇതു് ഒന്നു് മറ്റൊന്നിൽ നിന്നു് വ്യത്യസ്തമല്ലെന്ന ഒറ്റ നോട്ടത്തിൽ കാണാമെങ്കിലും പ്രവർത്തനത്തിൽ അതിന്റെ വ്യത്യാസം നമുക്കു് മനസ്സിലാക്കാൻ കഴിയും. ഇന്നു തന്നെ ചില ചെറിയ റോഡുകളുടെ പണി പഞ്ചായത്തു് നേരിട്ടുതന്നെ ഏറ്റെടുത്തു നടത്തുന്നതായി കാണാൻ സാധിക്കും. അവരുടെ സാമ്പത്തിക കഴിവിനു് ഒതുങ്ങാത്ത റോഡുകളുടെ പണികൾ ബ്ലോക്കു് നിലവാരത്തിൽ ചെയ്യണമെന്നുള്ള അഭിപ്രായം. അവർ ബ്ലോക്കുകളെ അറിയിക്കുകയും ബ്ലോക്കുകൾ ആ പണികൾ ഏറ്റെടുത്തു് നടത്തുകയും ചെയ്യുന്നതു് നമുക്കു് കാണാൻ സാധിക്കും. ഇത്തരത്തിൽ നോക്കുകയാണെങ്കിൽ ഓരോ പണിയും അതിന്റെ വലിപ്പമനുസരിച്ചു് ഈ സമിതികൾക്കു് ഏറ്റെടുത്തു നടത്തുന്നതിനു് വിരോധമില്ല. ഇതു നന്നായിരിക്കുമെന്നാണു് എനിക്കു് പറയുവാനുള്ളതു്. അതിലും പ്രത്യേകിച്ചു് ചില പണികൾ മാത്രം പഞ്ചായത്തുകളെ ഏൽപ്പിക്കുകയും മറ്റു ചില പണികൾ പഞ്ചായത്തു യൂണിയൻ നടത്തുകയും ചെയ്യണമെന്നു നിഷ്കർഷിക്കുന്നതിൽ വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല അതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ആർ. വിജയൻ]

എന്തിന്റെയെങ്കിലും അടിസ്ഥാനത്തിൽ പണികൾ ചെയ്യാനുള്ള ചുമതല വിഭജിക്കുന്നതിനുപകരം ഈ സമിതികൾ കൂട്ടായി ചുമതല ഏറ്റെടുത്തു പ്രവർത്തിക്കുന്നതായിരിക്കും നല്ലതു്. അതിനുള്ള ഒരു നടപടി ഇതിനകത്തുണ്ടു്. ഇവിടെ പറഞ്ഞുകേട്ട ആശങ്കയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ജില്ലാ നിലവാരത്തിലുള്ള പരിഷത്തിനെ സംബന്ധിച്ചു് വ്യക്തമായി കളക്ടർ ചെയർമാനായിരിക്കരുതെന്നു ഇവിടെ വാദിച്ചുകേട്ടു. കളക്ടർ ചെയർമാനായിരിക്കണമെന്നു് എനിക്കും അഭിപ്രായമില്ല. പക്ഷേ നമ്മുടെ ജനാധിപത്യം ശൈശവാവസ്ഥയിൽ നിലകൊള്ളുന്ന ഈ അവസരത്തിൽ വികസന പ്രവർത്തനങ്ങളും ജില്ലാ നിലവാരത്തിൽ നടത്തുന്നതിനെ സംബന്ധിച്ചു് കളക്ടറുടെ മേൽനോട്ടം ഇന്നത്തെ നിലയിൽ മതിയാവുമെന്നാണു് എന്റെ അഭിപ്രായം. പ്രധാനമായിട്ടു് ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്നതിനും അവരെ ശിക്ഷിക്കുന്നതിനും അല്ലെങ്കിൽ സാമ്പത്തികമായ ആവശ്യത്തിനു് നികുതികൾ ചുമത്തുന്നതിനും അധികാരമില്ലാത്ത സ്ഥിതിക്കു് കളക്ടർ ഇതിന്റെ ചെയർമാനായിരിക്കുന്നതിൽ വലിയ അപാകതയില്ലെന്നാണു് എനിക്കു് തോന്നുന്നതു്. കളക്ടർ ചെയർമാനാകുന്നില്ലെങ്കിൽ പൂർണ്ണ അധികാരത്തോടുകൂടിയ മന്ത്രിയുടെ പദവിയിൽ ജില്ലാ നിലവാരത്തിൽ ഒരു അനൗദ്യോഗിക ചെയർമാനുണ്ടായിരിക്കുന്നതു് നന്നായിരിക്കും. അങ്ങനെയൊരു ചെയർമാനെ ആക്കാൻ സാധിക്കുമോ എന്നുള്ള കാര്യം ഗവണ്മെന്റു് പരിശോധിക്കേണ്ടതാണു്. ഒരു മന്ത്രിയുടെ നിലവാരത്തിൽ ജില്ലാവികസന പ്രവർത്തനങ്ങളെ സംബന്ധിച്ചു് ഒരു അവസാന തീരുമാനമെടുക്കുന്നു് ജില്ലാ വികസന ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കാനും മറ്റും അധികാരമുള്ള ഒരു ചെയർമാന്റെ സ്ഥാനം കൊടുക്കാൻ സാധിക്കുമോ എന്നു നോക്കണം. നാമമാത്രമായി വികസന സമിതി കൂടുന്ന അവസരത്തിൽ അതിന്റെ അദ്ധ്യക്ഷത വഹിക്കാൻമാത്രം ഒരു അവസരം ലഭിക്കത്തക്ക രീതിയിലുള്ള ഒരു ചെയർമാൻ ആവശ്യമില്ലെന്നാണു് എനിക്കു് തോന്നുന്നതു്. ജില്ലാ വികസന സമിതിയിൽ എം. എൽ. എ. മാരെ എടുക്കേണ്ട എന്നുള്ള ഒരു അഭിപ്രായം പ്രതിപക്ഷത്തുനിന്നു്, ശ്രീ. കെ. കൃഷ്ണപിള്ളയാണെന്നാണു് എന്റെ ഓർമ്മ, ഇവിടെ ഉന്നയിച്ചു കേട്ടു. തീർച്ചയായും എം. എൽ. എ. മാർക്കു് അധികാരം ആവശ്യമില്ലെന്നു പറയുന്നതു് ഒരു നല്ല കാര്യമാണു്. പക്ഷേ സ്റ്റേറ്റിൽ ജില്ലാ ലെവലിൽ നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ചു് ഇത്തരം കാര്യങ്ങളിൽ എം. എൽ. എ. മാരും, എം. പി. മാരും സംബന്ധിച്ചു് തങ്ങൾക്കുള്ള അഭിപ്രായം പറയുകയാണെങ്കിൽ ഇന്നത്തെ നിലയിൽ പല പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനു് ഉദ്യോഗസ്ഥന്മാർക്കു് മറ്റും സഹായകമാകുമെന്നാണു് തോന്നുന്നതു്. ഇത്തരം സമിതികളിൽ പോയി ഏതെങ്കിലും തരത്തിലുള്ള അധികാരം ഉപയോഗിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയല്ല ഞാനിതു പറയുന്നതു്. എങ്കിലും ഇന്നത്തെ സംസ്ഥാന നിലവാരത്തിൽ ആലോചിച്ചു് കാര്യങ്ങളും പറയുകയും അത്തരം കാര്യങ്ങളും ജില്ലാനിലവാരത്തിൽ പരിഷത്തിന്റെ സമ്മേളനം കൂടുന്ന അവസരത്തിൽ പ്രതിപാദിക്കപ്പെടുകയുമാണെങ്കിൽ അതു കൂടുതൽ നന്നായിരിക്കും. കൂടുതൽ കാര്യക്ഷമതയോടുകൂടി അത്തരം കാര്യങ്ങളുടെ ജാഗ്രതയായ പ്രവർത്തനത്തിനു് അതു് ഉപകരിക്കുമെന്നുള്ളതുകൊണ്ടാണു് അങ്ങനെ സംബന്ധിക്കുന്നതിൽ തെറ്റില്ലെന്നു ഞാൻ പറഞ്ഞതു്. ഈ വക കാര്യങ്ങളും സെലക്ടു കമ്മിറ്റി പരിശോധിക്കേണ്ടതായിട്ടുണ്ടു്. സെലക്ടുകമ്മിറ്റി ഈ വക കാര്യങ്ങളും സമഗ്രമായി പരിശോധിച്ചതിനുശേഷം ഈ നിയമം എത്രയും വേഗത്തിൽ പ്രാബല്യത്തിൽകൊണ്ടുവരണമെന്നു പറഞ്ഞുകൊണ്ടു് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ സി. എം. കുട്ടി: സ്പീക്കർ സർ, ഈ ബിൽ പൊതുജനാഭിപ്രായമറിയുന്നതിനു് വിതരണം ചെയ്യണമെന്നുള്ള അഭിപ്രായത്തോടു് എനിക്കു് യോജിപ്പില്ല. കാലതാമസം ഒഴിവാക്കാൻവേണ്ടി ഇതു് സെലക്ടു കമ്മിറ്റിയുടെ പരിഗണനയ്ക്കു് വച്ചാൽ മതിയെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. അതുകൊണ്ടു് സെലക്ടുകമ്മിറ്റിയുടെ പരിഗണനയ്ക്കായി ചില

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളും ചുരുക്കം ചില വാക്കുകളിൽ പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയിൽ കുറെക്കൂടി അധികാര വികേന്ദ്രീകരണം കൊടുക്കുന്നതു് നന്നായിരിക്കുമെന്നുള്ള ഉദ്ദേശത്തിലാണല്ലോ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. പ്രത്യേകിച്ചും കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു പ്രധാനപ്പെട്ട ബില്ലാണ്. പക്ഷേ ആ ബില്ലിൽ വളരെയധികമല്ലെങ്കിലും കുറെ കുഴപ്പങ്ങളുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതു് ഇന്നു പരീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു സംപ്രദായമാണ്. ആന്ധ്രായിലും രാജസ്ഥാനിലുമെല്ലാം ഇതു് ഇന്നു പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളവും പരീക്ഷിക്കാൻ പോകുകയാണ്. അങ്ങനെ പരീക്ഷിക്കാൻ പോകുന്ന ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇതിൽ വളരെയധികം കുഴപ്പങ്ങളുണ്ടെന്നാണ് എനിക്കു് ആദ്യമായി പറയുവാനുള്ളതു്. അതുകൊണ്ടു് സെലക്ടു കമ്മിറ്റിയുടെ ശ്രദ്ധയിൽ ചില കാര്യങ്ങളും ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

സെക്ഷൻ മൂന്നിൽ ഒരു ഡിസ്ട്രിക്ടിൽ അടുത്തടുത്തുള്ള പഞ്ചായത്തു് ഏരിയ ഡിക്ലറേഷൻമൂലം പഞ്ചായത്തു് യൂണിയനായിരിക്കണമെന്ന വ്യവസ്ഥയുണ്ടു്. അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഇവിടെ വികസന ബ്ലോക്കുകളും ഉണ്ടു്. അതുകൊണ്ടു് അങ്ങനെ പ്രത്യേകമായി ഏരിയ പ്രഖ്യാപിക്കേണ്ട ആവശ്യമില്ല. ആ വ്യവസ്ഥ എടുത്തുകളയുകയാണു് നല്ലതു്. അതിനുപകരമായി ബ്ലോക്കുകളുതന്നെ യൂണിയനായിരിക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളതു്. അതുപോലെതന്നെ ഇവിടെ എം. എൽ. എ. മാരുടേയും എം. പി. മാരുടേയും മെമ്പർഷിപ്പിനെപ്പറ്റി പരാമർശനം നടത്തുകയുണ്ടായി. അവർക്കു് അഭിപ്രായപ്രകടനം നടത്താൻ സ്വാതന്ത്ര്യമുണ്ടെങ്കിലും വോട്ടവകാശമില്ലെന്നാണു് ഇതിൽ പറയുന്നതു്. കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ചില സുഹൃത്തുക്കളും ഇവിടെ പറയുകയുണ്ടായി, എം. എൽ. എ. മാർക്കും, എം. പി. മാർക്കും ഇതിൽ യാതൊരു അധികാരവും കൊടുക്കേണ്ടെന്നു്. എന്നെ സംബന്ധിച്ചിടത്തോളം എനിക്കു പറയുവാനുള്ളതു് തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ പ്രതിനിധികൾക്കു് അസോഷിയേറ്റഡു് മെമ്പർ എന്നുള്ള നിലയിൽ വോട്ടവകാശം കൊടുക്കാൻ പാടില്ലെന്നു പറയുന്നതു് ശരിയല്ല. അഭിപ്രായപ്രകടനം നടത്തുന്ന ആളുകൾക്കു് വോട്ടവകാശംകൂടി കൊടുക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

അതുപോലെതന്നെ സെക്ഷൻ 23 ഉപവകുപ്പു് (3)-ൽ പറയുന്നതു് ഒരു പ്രമേയം കൊണ്ടുവന്നു പാസ്സാക്കിയതിനുശേഷം അതു നടപ്പിൽ വരുത്തുന്നതിനുമുൻപു് ഒരു കാമ്പീറിറിവു് അതാറിട്ടിയുടെ അംഗീകാരം ആവശ്യമാണെന്നാണു്. അതു ശരിയല്ല. അതുകൊണ്ടു് ആ വകുപ്പു് എടുത്തുകളയണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. അതുപോലെതന്നെ വേറെ ചില മെമ്പറന്മാർക്കു് ആശ്ചര്യമുള്ള വിഷയങ്ങളും ആലോചനയ്ക്കു് എടുക്കുമ്പോൾ ഡവലപ്പുമെന്റു് ആഫീസർ അത്തരം മെമ്പറന്മാർക്കു് വോട്ടുചെയ്യാനുള്ള അധികാരം നിഷേധിക്കുന്ന വ്യവസ്ഥയും എടുത്തുകളയണം.

പിന്നെ ഈ സെക്ഷൻ (70)-ൽ ജില്ലാ പരിഷത്തിന്റെ യോഗം മൂന്നു മാസത്തിലൊരിക്കൽ കൂടിയാൽ മതിയെന്ന വ്യവസ്ഥയുണ്ടു്. അതു് ആവശ്യമുള്ളപ്പോഴും മാത്രം യോഗം കൂടാനുള്ള സ്വാതന്ത്ര്യമാണു് കൊടുക്കേണ്ടതു്. രണ്ടു മാസത്തിലൊരിക്കലെങ്കിലും യോഗം കൂടാൻ അനുവദിക്കേണ്ടതാണു്. മൂന്നു മാസത്തിലൊരിക്കൽ മാത്രമെ യോഗം കൂടാൻ പാടുള്ളു എന്നു നിഷ്കർഷിക്കുന്നതു് ശരിയാണെന്നു എനിക്കു് അഭിപ്രായമില്ല.

അതുപോലെതന്നെ കളക്ടർക്കു് ചില അധികാരങ്ങളും കൂടുതൽ കൊടുത്തിരിക്കുകയാണു്. നാം വാസ്തവത്തിൽ അധികാരവികേന്ദ്രീകരണം ഉദ്ദേശിച്ചുകൊണ്ടാണു് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. കളക്ടർ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടുന്ന ഒരു പ്രതിനിധിയല്ല. അദ്ദേഹം ഒരു ഗവണ്മെന്റുദ്യോഗസ്ഥനാണു്. കളക്ടർക്കു് ഏതെങ്കിലും ഒരു പ്രമേയത്തെ സംബന്ധിച്ചു് അതു് നടപ്പിലാക്കുന്നോ, നടപ്പിലാക്കാതിരിക്കുന്നോയുള്ള അധികാരം



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എം. കുട്ടി]

കൊടുത്തിരിക്കുകയാണു്. ഇങ്ങനെ കൂടുതൽ അധികാരം കൊടുക്കുന്നതു് ശരിയല്ല, അധികാരം വികേന്ദ്രീകരണമെന്ന തത്വമാണു് നാം സ്വീകരിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഈ വ്യവസ്ഥ ഒരിക്കലും സ്വീകരിക്കാൻ പാടില്ല. ആ അധികാരം കളക്ടർക്കു് കൊടുക്കുന്നതിനെക്കാളും ഗവണ്മെന്റിൽ നിക്ഷിപ്തമാകുന്നതു് കുറെക്കൂടി നല്ലതാണു്. എന്തുകൊണ്ടെന്നാൽ ഗവണ്മെന്റു തിരഞ്ഞെടുക്കപ്പെടുന്ന ആളുകളും ഉൾക്കൊള്ളുന്ന സമിതിയാണു്. അതുകൊണ്ടു് ഈ അധികാരം ഗവണ്മെന്റിനു് കൊടുക്കുകയാണു് നല്ലതു്. അതു കളക്ടർക്കു് കൊടുക്കാൻ പാടില്ലെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. അതുപോലെ പഞ്ചായത്തുകളെ സംബന്ധിച്ചു് പറയുകയാണെങ്കിൽ ഈ ബിൽ പാസാക്കിക്കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തുകൾക്കു് യാതൊരു അധികാരവുമില്ലാതായിത്തീരും. നാമമാത്രമായ അധികാരം മാത്രമെ പിന്നീടു കാണുകയുള്ളു. അതുകൂടാതെ അവർക്കു് സാമ്പത്തികമായ വരുമാനം എങ്ങനെയാണു് ഉണ്ടാക്കാൻ സാധിക്കുന്നതു്. യൂണിയനും ജില്ലാപരിഷത്തുംകൂടി സാമ്പത്തികമായ വരുമാനം പങ്കിട്ടെടുക്കുകയാണു് ഈ ബിൽ മൂലം ചെയ്യുന്നതു്. അവർക്കു് സാമ്പത്തികമായ വരുമാനമുണ്ടാക്കാൻ കൂടുതൽ അധികാരം കൊടുത്തിരിക്കുകയാണു്. ഭൂനികുതിയുടെ 90 ശതമാനം വരെ ഈ ഘടകങ്ങൾക്കു് കൊടുക്കണം. പിന്നെ എന്തു അധികാരമാണു് പഞ്ചായത്തുകൾക്കുള്ളതു്? എന്താണു് അവരുടെ സാമ്പത്തിക സ്ഥിതി?

ശ്രീ. വിജയൻ ജില്ലാപരിഷത്തിലെ അദ്ധ്യക്ഷനായ കളക്ടറെ സംബന്ധിച്ചു് ഇവിടെ പറഞ്ഞു. എനിക്കു് അതേ സംബന്ധിച്ചിടത്തോളം പറയുവാനുള്ളതു് അതിന്റെ ചെയർമാൻ ഒരു മന്ത്രിയുടെ സ്റ്റാറ്റസ്സോടുകൂടിയുള്ള അനൗദ്യോഗിക മെമ്പർ ആകുന്നതു് നന്നായിരിക്കുമെന്നാണു്. മുൻപു് മലബാർ ഡിസ്ട്രിക്ടു് ബോർഡിന്റെ ഭരണമുണ്ടായിരുന്ന, അതിന്റെ പ്രസിഡൻറിനു് വളരെയധികം അധികാരങ്ങളുണ്ടായിരുന്നു. അതിന്റെ ഭരണം വളരെ കാര്യക്ഷമമായാണു് നടന്നിരുന്നതു്. അതുപോലെ ജില്ലാപരിഷത്തിലും ഒരു തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റിനെവച്ചു് കൂടുതൽ അധികാരങ്ങളും കൊടുക്കുന്നതു് നന്നായിരിക്കുമെന്നുള്ള കാര്യം ഞാൻ സെലക്ടു് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണു്. ഈ വക കാര്യങ്ങളും സെലക്ടു് കമ്മിറ്റി കാര്യമായി പരിഗണിച്ചു് ഈ ന്യൂനതകളും പരിഹരിക്കുന്നതിനു വേണ്ട നടപടികളും എടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഈ ബില്ലിന്റെ 78–ാം വകുപ്പിൽ പറയുന്നതു് രണ്ടുദ്ദേശ്യമാണു്. സ്വയംഭരണസ്ഥാപനങ്ങൾക്കു് കൂടുതൽ അധികാരങ്ങളും കൊടുത്തു് ജനങ്ങളെ ഭരണത്തിലും, ഗവണ്മെന്റിന്റെ നടപടികളിലും പങ്കെടുപ്പിക്കുക എന്നുള്ളതാണു് ഉദ്ദേശം ഒന്നു്. രണ്ടാമത്തെ ഉദ്ദേശം വികസന പ്രവർത്തനങ്ങളും വിജയകരമായി നടത്തുന്നതിനു് സഹായിക്കുക എന്നുള്ളതാണു്. ഈ രണ്ടു് ഉദ്ദേശങ്ങളും നടപ്പിലാക്കുന്നതിനു് സഹായകമായ രൂപത്തിലാണോ ഈ ബില്ലിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളും എന്നു് പരിശോധിക്കേണ്ടതുണ്ടു്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു നിയമമാണെന്നു് ഇതു കൊണ്ടുവന്ന ആളുകൾക്കും അതിലേക്കു വേണ്ടി ചർച്ചയിൽ പങ്കെടുത്ത ആളുകൾക്കും ബോദ്ധ്യമുണ്ടു്. ഈ സഭയ്ക്കു അതിനെക്കുറിച്ചു് വളരെയേറെ ഗൗരവബോധമുണ്ടു്. നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട മുദ്രാവാക്യങ്ങളിൽ ഒന്നായിരുന്ന ജനങ്ങളിലേക്കു് കൂടുതൽ അധികാരം കൊടുക്കുക എന്നുള്ളതു്; ജനാധിപത്യം കൂടുതൽ വിപുലപ്പെടുത്തി കൂടുതൽ വിജയിപ്പിക്കുക എന്നുള്ളതു്. കഴിഞ്ഞ 16 വർഷമായി സ്വാതന്ത്ര്യം കിട്ടിയതിനുശേഷമുള്ള കാലഘട്ടത്തിൽ നാം അതിൽ എത്രമാത്രം വിജയിച്ചു എന്നുള്ളതു് പരിശോധിക്കേണ്ടതാണു്. തീർച്ചയായും ഇക്കാര്യത്തിൽ നാം പരാജയപ്പെട്ടിരിക്കുന്നു എന്നാണു് ഇതുവരെയുള്ള അനുഭവം. നമ്മുടെ രാഷ്ട്രീയചിന്തയിൽ ഒരു ഗ്രാമസ്വരാജ്യമാണു് സ്വപ്നം കണ്ടിരുന്നതു്. ഗ്രാമങ്ങളിലെ ആളുകൾക്കു് നീതിന്യായത്തിന്റെയും, പോലീസിന്റേയും

LIBRARY ARCHIVES Kerala Legislative Assembly

അധികാരങ്ങളും ഉംപ്പെടെയുള്ള മിക്കവാറും അവകാശങ്ങളും എല്പിച്ച് അധികാര ത്തിന്റെ എല്ലാ രംഗങ്ങളിലും അവരെ പ്രവേശിപ്പിച്ച് ജനാധിപത്യം വിപുലവും വിജയപ്രദവുമാക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. നമ്മുടെ തൊണ കത്താക്കളും ഇതരം അഭിപ്രായം നിരവധി തവണ ആവർത്തിച്ചു. നമ്മുടെ പ്രധാനമന്ത്രി ആയിരമായിരം തെറ്റുകളും ചെയ്യുകൊള്ളട്ടെ, എന്നാലും ജന ങ്ങളിലേക്ക്, ഗ്രാമങ്ങളിലേക്ക് അധികാരം പകർന്നു കൊടുക്കണമെന്ന് ഇപ്പോഴും ആവശ്യപ്പെടാറുണ്ട്. പക്ഷെ നാമുണ്ടാക്കുന്ന നിയമ നിർമ്മാണങ്ങ ളിൽ ആ സ്പിരിറ്റ് ഇതുവരെ ഉൾക്കൊള്ളിച്ചിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഈ നിയമനിർമ്മാണത്തിലും അതാണുള്ളത്. ജനങ്ങളിലേക്ക് അധികാരം പകർന്നു കൊടുക്കുന്നതിൽ നാം പേടിക്കുന്നു. ജനങ്ങളെ നാം അവിശ്വസിക്കുന്നു, അതു മാറാതെ നമ്മുടെജനാധിപത്യം വിപുലപ്പെടുകയോ, വിജയിക്കുകയോ ചെയ്യുകയില്ല, ഇന്ന് ഇന്ദിരയുടെ സ്ഥിതി പാർലമെന്റും അതിനോടുത്തരവാദപ്പെട്ട മന്ത്രി സഭയും, സംസ്ഥാനങ്ങളാണെങ്കിൽ അസം ബ്ലിയും അതിനോടുത്തരവാദപ്പെട്ട മന്ത്രിസഭയും ബാക്കിയുള്ള എല്ലാ രംഗങ്ങ ളിലും ഉദ്യോഗസ്ഥന്മാരുടെ സേച്ഛാധിപത്യവും എന്നുള്ള സ്ഥിതിയാണ്. ഇതിനു ഒരു മാറ്റം വരുത്താതെ നമ്മുടെ രാജ്യത്തു ജനാധിപത്യം വിജയിക്കു കയോ, വികസനപ്രവർത്തനങ്ങളും വിപുലപ്പെടുകയോചെയ്യുകയില്ല. ഇതു മാറുക എന്നുള്ളതാണ് ഈ നിയമനിർമ്മാണത്തിന്റെ ഉദ്ദേശം. പക്ഷേ ഇതിൽ അതിന്റെ സ്പിരിട്ടില്ല. അതാണ് പ്രധാനപ്പെട്ട ആരോപണം. രാജ്യത്തിനു വളരെയേറെ ചർച്ചാ വിഷയങ്ങളുയർത്തിട്ടുള്ള പ്രശ്നങ്ങളുണ്ട്. നാം ചിന്തിക്കു ന്നതും പ്രവൃത്തിക്കുന്നതും എല്ലാം ബ്രിട്ടീഷുകാർ ഈ രാജ്യം വിട്ടതിനു ശേഷവും അതേ ആശയഗതികളും ചിന്തകളുമാണ്. ബ്യൂറോക്രസിക്ക് എല്ലാ അധികാരാ വകാശങ്ങളോടുംകൂടി തുടരാനുള്ള സൗകര്യങ്ങളും കൊടുത്തുകൊണ്ടാണ് നാം ചിന്തിക്കുന്നതു്. ജനങ്ങളിലേക്ക് അധികാരങ്ങളും പൂർണ്ണമായും പകർന്നു കൊടു ക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ ജനാധിപത്യം കൈവരുത്താൻ കഴിയുക യില്ല. ഇവിടെ അഴിമതിയെക്കുറിച്ചു സംസാരിക്കുന്നു. വിജിലൻസ് കമ്മീഷൻ രൂപവൽക്കരിക്കുന്നു. അഴിമതി രണ്ടുകൊല്ലത്തിനകം അവസാനി ച്ചില്ലെങ്കിൽ താൻ അധികാരം വിട്ടൊഴിഞ്ഞു പോകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്യത്തെ അറിയിച്ചിരിക്കുന്നു. പക്ഷേ, അഴിമതി നിരോധിക്കാനുള്ള ഈ നടപടികളൊന്നും കാര്യമായി വിജയിക്കാൻ പോകുന്നില്ല. അഴിമതി തടയണമെങ്കിൽ അതിനു തീർച്ചയായും ജനങ്ങളുടെ സമ്പൂർണ്ണ സഹകരണവും അവരുടെ ജാഗ്രതയുമില്ലെങ്കിൽ സാധിക്കുകയില്ല. അഴിമതി തടയാനുള്ള പ്രവർത്തനങ്ങളെല്ലാം ഭാഗീകമായ പ്രയോജനം മാത്രമേ ചെയ്യുകയുള്ളു. പൂർണ്ണമായി പ്രയോജനം ചെയ്യണമെങ്കിൽ ജനങ്ങൾക്ക് പൂർണ്ണമായ അധികാരം ഉണ്ടാവണം. നാം ഈ ബില്ലിൽ ഭാവന ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് ഡിസ്ട്രിക്റ്റ് കൗൺസിൽ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങൾക്കും, ക്രമേണ കളക്ടർ അടക്കമുള്ള ഉദ്യോഗസ്ഥ ന്മാരുടെ മേൽ നിയന്ത്രണാവകാശം ഇല്ലെങ്കിൽ അവരെ നിയന്ത്രിക്കാനും, അവരുടെ പ്രവർത്തനങ്ങളെ നോക്കാനും ജനങ്ങൾക്ക് കഴിഞ്ഞില്ലെങ്കിൽ, ഈ രാജ്യത്തെ അഴിമതി മാറ്റാൻ കഴിയുകയില്ല. അതുപോലെതന്നെ തൊണ സ്ഥാപനങ്ങളിൽ ഇന്നു നടക്കുന്ന വളരെ കുഴപ്പങ്ങളും പിടിച്ചു പല പ്രവണത കളും പ്രത്യേകിച്ചും കാലതാമസവും, അഴിമതിയും മാറണമെങ്കിൽ തൊണ സ്ഥാപനങ്ങളിൽ ജനങ്ങൾക്ക് വിപുലമായ അധികാരം വേണം. ഇന്നു നട ക്കുന്നതു് എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. ഇന്നലെ ഈ അസംബ്ലി യിൽ വിമർശനങ്ങളും വന്ന ചില പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ കാര്യം തന്നെ എടുക്കാം. പോലീസ് ഡിപ്പാർട്ടുമെന്റിലെ കാര്യംതന്നെ. ഐ. ജി. യെപ്പറ്റി നിരവധി ആരോപണങ്ങളുണ്ടായി. ഐ. ജി. യുടെ ആഫീസിൽ കെട്ടിക്കിടക്കുന്ന ഫയലുകളുംതന്നെ, അഴിമതി നിരോധനത്തിൽ പ്രധാനപ്പെട്ട പുമതല വഹിക്കുന്ന ആ ആഫീസിൽകെട്ടിക്കിടക്കുന്ന ഫയലു കളുംതന്നെ ഇതിനൊരുദാഹരണമാണ്. നമ്മുടെ രാജ്യത്ത് ഫയലുകൾ നീങ്ങുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണിതു്. ഇന്ന് ഇവിടെ നടക്കുന്നതു്, അടുത്ത രണ്ട് ആഫീസുകളിലിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ഫോണിൽ വിളിച്ചു പറയാൻ കഴിയുന്ന കാര്യങ്ങളുംപോലും ഫയലിട്ട് ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എസ്സ്. ശ്രീനിവാസൻ]

യാണ്. ഇതു് മാറാൻ കഴിയുന്നില്ല. ഒരു പ്രദേശത്തു് ഒരു പഞ്ചായത്തിനു് ചെയ്യാൻ കഴിയുന്ന കാര്യങ്ങളും ആ പഞ്ചായത്തിനു് ചെയ്യാൻ അധികാരം കൊടുക്കണം. അല്ലാതെ അതു് പഞ്ചായത്തു് ഡയറക്ടറും, മന്ത്രിമാരും അടക്കമുള്ള ആളുകളുടെ പക്കൽ പോകേണ്ടിവരുന്നതുകൊണ്ടു് വളരെയധികം കാലതാമസം ഉണ്ടാകുന്നുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഐ.ജി.യുടെ ആഫീസിൽ വളരെ ഫയലുകളും കെട്ടിക്കിടക്കുന്നു എന്നുള്ളതു് നേരിട്ടറിവുള്ളതാണോ; അതോ ഊഹം പറഞ്ഞതാണോ ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: നേരിട്ടറിയാവുന്നതാണു്. ഫയൽ വീട്ടിലേയ്ക്കു് കൊടുത്തയച്ചാൽതന്നെ രണ്ടും മൂന്നും മാസം കഴിഞ്ഞിട്ടാണു് ചില പ്പോഴും ഒപ്പിട്ടു അയക്കുന്നതു്. ഞാൻ അതിനെക്കുറിച്ചു അധികമൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. കഴിഞ്ഞ ഒരു വർഷത്തിനുമുമ്പു് മദിരാശിയിലെ പഞ്ചായത്തു യൂണിയനുകളുടെ വാർഷികയോഗത്തിൽ നമ്മുടെ കേന്ദ്ര മന്ത്രിയായ ശ്രീ. എസ്. കെ. ഡേ, ഒരുദാഹരണം പറയുകയുണ്ടായി. ഈ ഫയലുകളും തക്ക സമയത്തു് തീർക്കാത്തതിന്റെ ഉദാഹരണമാണു് അദ്ദേഹംപറഞ്ഞതു്. മദിരാശിയിലെ വരൾച്ച ബാധിച്ച ഒരു പ്രദേശത്തുള്ള ജനങ്ങൾ വെള്ളം കിട്ടാൻവേണ്ടി ഗവണ്മെന്റിലേക്കു് ഒരു പെറ്റീഷൻ കൊടുക്കുന്നു. കുറെ അകലെയായി ഒരു കുളമുണ്ടെന്നും, അവിടെ കുടിക്കാൻ വെള്ളമുണ്ടെന്നും, ആ വെള്ളം കുടിക്കാൻ എത്തിച്ചു തരണമെന്നും ആവശ്യപ്പെടുന്ന ഒരു പെറ്റീഷനാണു് ഗവണ്മെന്റിലേക്കു കൊടുക്കുന്നതു്. ഗവണ്മെന്റു് ആ പെറ്റീഷൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിലേക്കു അയക്കുന്നു. ഡിപ്പാർട്ടുമെന്റു് അതിന്റെ വിവിധതലങ്ങളിലേക്കു് അയയ്ക്കുന്നു. അങ്ങനെ നീണ്ടകാലം ആ പെറ്റീഷൻ ഓരോ തലങ്ങളിലും കയറി നടക്കുന്നു. അതിനുശേഷം മാസങ്ങളോ, വർഷങ്ങളോ കഴിഞ്ഞതിനുശേഷം ആ കുളത്തിലെ വെള്ളം കുടിക്കാൻ കൊള്ളാവുന്നതാണോ അല്ലയോ എന്നു പരിശോധിക്കുന്നതിനുവേണ്ടി അല്പം വെള്ളം കൊണ്ടുവരുന്നതിനു് ഒരു ഉദ്യോഗസ്ഥനെ അയക്കുന്നു. അതിനുപോയ ഉദ്യോഗസ്ഥൻ വെള്ളമെടുത്തുകൊണ്ടുവന്നു് പരിശോധനയ്ക്കു് ഗിണ്ടിയിലെ ഗവേഷണാലയത്തിലേക്കയയ്ക്കുന്നു. ഗിണ്ടിയിലെ പരിശോധന മാസങ്ങളോളം നീണ്ടുനിൽക്കുന്നു. അവസാനം പരിശോധനയ്ക്കുശേഷം വെള്ളം കുടിക്കാൻ കൊള്ളാമെന്നോ കൊള്ളുകില്ലെന്നോ അവർ പറയുന്നു. തുടർന്നു് മറുനടപടികളും നടത്തുന്നു. ഇങ്ങനെ ഈ വെള്ളം കുടിക്കാൻ കൊള്ളാമോ എന്നു് കൊല്ലങ്ങളായിട്ടു് പരിശോധിക്കുകയും അതിനു് നടപടി നടത്തുകയും ചെയ്യുന്നതിനു് ഇത്രയേറെ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥന്മാർ ഈ വെള്ളം പോരിച്ചു ജനങ്ങൾ ജീവിച്ചിരിപ്പുണ്ടോ മരിച്ചിട്ടുണ്ടോ എന്നു് ഒരിക്കലും ഓർത്തിരിക്കുകയില്ല എന്നു് അദ്ദേഹം പറയുകയുണ്ടായി. ഇതുപോലെയാണു് ഇവിടെയും നടക്കുന്നതു്. ഇതു് വളരെ വ്യക്തമായ ഒരുദാഹരണമാണു്. ഓരോ ഫയലിലും, ആയിരക്കണക്കിനു് ജനങ്ങളുടെ അഥവാ കുടുംബങ്ങളുടെ നിരവധി പ്രശ്നങ്ങളാണു് അടങ്ങിയിരിക്കുന്നതെന്നുള്ള കാഴ്ചപ്പാടോടുകൂടി ഇക്കാര്യങ്ങളും ഉദ്യോഗസ്ഥന്മാർ കൈകാര്യം ചെയ്യുന്നില്ല. ഇതിനെല്ലാം ഏക പരിഹാരമാർഗ്ഗം ജനങ്ങളിലേക്കു് കൂടുതൽ അധികാരം കൊടുക്കുകയാണെന്നു പറയുന്നില്ല. എങ്കിലും ഏറ്റവും പ്രധാനപ്പെട്ട ഘടകം ജനങ്ങളിലേക്കു് കൂടുതൽ അധികാരം കൊടുക്കുക എന്നുള്ളതുതന്നെയാണു്. പക്ഷേ ഈ ബില്ലിൽ അങ്ങനെ അധികാരം കൊടുക്കുന്നതേ ഏർപ്പാടില്ല. "പിശുക്കൻ മടിശ്ശീല അഴിക്കുന്നതുപോലെ" വളരെക്കുറച്ചു അധികാരങ്ങൾമാത്രമേ കൊടുക്കുന്നുള്ളൂ. ഈ ബില്ലുകൊണ്ടു് പഞ്ചായത്തുകൾക്കു് മുമ്പുണ്ടായിരുന്ന അധികാരങ്ങൾതന്നെ ബ്ലോക്കു ലവലിലും മറ്റും കൗൺസിലിനെ കൊടുക്കാനാണു് ശ്രമിച്ചിട്ടുള്ളതു്. അതുപോലെ ഡിസ്ട്രിക്റ്റു് കൗൺസിൽ ഇന്നുള്ള ഡി. ഡി. സ്കീമിൽനിന്നു വളരെയേറെ വ്യത്യസ്തമല്ല. ഇതെല്ലാം മാറണം. ചില സുഹൃത്തുക്കൾ ഇവിടെ മുമ്പു പറഞ്ഞതുപോലെ ജില്ലാ കൗൺസിലുകൾ പൂർണ്ണമായും തിരഞ്ഞെടുക്കപ്പെട്ട കൗൺസിലുകളായിരിക്കണം. ജനങ്ങളോടു് പൂർണ്ണ ഉത്തരവാദിത്വമുള്ള പ്രതിനിധികൾ അതിൽ വരണം. അതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളുടേയും, ജില്ലാ കൗൺസിലുകളുടേയും തിരഞ്ഞെടുപ്പ് ഒരേ കാലത്തു് നടത്തുകയും, അതിലേക്കു് പ്രതിനിധികളെ തിരഞ്ഞെടുക്കാൻ സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയും വേണം. പഞ്ചായത്തിന്റെ കീഴിൽ അതിന്റെ നിയന്ത്രണത്തിൽ കാര്യങ്ങളും നോക്കാനുള്ള സൗകര്യങ്ങളും ഉണ്ടാകണം. അവർക്കു് ജില്ലാ കളക്ടർവരെയുള്ള ഉദ്യോഗസ്ഥന്മാരുടെ മേൽ ഏറ്റവും ഉത്തരവാദിത്വമായ രീതിയിൽ ജാഗ്രത പുലർത്താനുള്ള അവകാശവും ഉണ്ടായിരിക്കണം. ഇതു് ഞാൻ പറയുന്നതു് ഡിസ്ട്രിക്ടു് ബ്ലോക്കു് ലവലിലുള്ള സമിതികൾക്കു് പൂർണ്ണമായി അധികാരം കൊടുത്തിട്ടു് ഇവയെല്ലാം തന്നെ പ്രത്യേകം പ്രത്യേകം ഗവണ്മെന്റുകളാക്കി മാറണമെന്നുള്ള ഉദ്ദേശത്തോടു കൂടിയല്ല. ഗവണ്മെന്റിനു് യാതൊരു അവകാശവും ഇല്ലാത്ത സ്ഥിതിയിലാകണമെന്നില്ല, ഇത്തരം നിയന്ത്രണാവകാശങ്ങൾ കൊടുത്തുകൊണ്ടുതന്നെ സമിതികൾക്കു കൂടുതൽ അധികാരം കൊടുത്തിട്ടു് നമ്മുടെ വികസന പ്രവർത്തനങ്ങളിലും രാജ്യത്തിന്റെ ഭരണം നടത്തിപ്പിലും കൂടുതൽ പങ്കു കൊടുത്തുകൊണ്ടു് ഈ കൗൺസിലുകളെ പുനഃസംഘടിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കാനുള്ള വകുപ്പുകൾ ഇതിനകത്തു് പെടുത്തുവാനായി എഴുതിയുണ്ടാക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

സർ, മറ്റൊരുകാര്യം ഇതിനകത്തുള്ളതു് വരുമാന മാർഗ്ഗങ്ങളെക്കുറിച്ചാണു്. അതായതു് ടാക്സേഷനെക്കുറിച്ചു്. അതിനെക്കുറിച്ചു് ഇവിടെ പല സുഹൃത്തുക്കളും സംസാരിച്ചു. അതുകൊണ്ടു് കൂടുതലായിട്ടു് ഒന്നും പറയുന്നില്ല.

ശ്രീ ജോസഫ് ചാഴിക്കാടൻ: എം. എൽ. എ. മാർക്കു് കൗൺസിലിൽ മെമ്പറന്മാരാകാം, പക്ഷേ വോട്ടവകാശമില്ലെന്നുള്ള വസ്തുത മെമ്പറുടെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ; അതു നെപ്പറ്റി എന്താണു അഭിപ്രായം?

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇവിടെ അതിനെപ്പറ്റി രണ്ടു് അഭിപ്രായങ്ങളും വന്നു. രണ്ടു ഗൗരവങ്ങളായ ആർഗ്യുമെന്റുകളായിട്ടാണു് എനിക്കു തോന്നുന്നതു്. നമ്മുടെ ഗ്രാമതലങ്ങളിലും ജില്ലാ നിലവാരങ്ങളിലും ഒരു രണ്ടാം നിര നേതൃത്വത്തെ, ഉത്തരവാദിത്വം ഏറ്റെടുക്കാനും ഭരണം നടത്താനും കഴിവുള്ള ഒരു രണ്ടാം നിരയെ സൃഷ്ടിക്കുകയെന്നുള്ളതു് തീർച്ചയായും ഭരണം നടത്തുന്നതിനും ജനാധിപത്യത്തിന്റെ വിജയത്തിനും ആവശ്യമാണു്. എന്റെ അഭിപ്രായത്തിൽ ഇതു് ഗൗരവമായി പരിചിന്തിക്കേണ്ട കാര്യമാണു്. നാം ഒരു ഭരണപരിഷ്കാര കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്. ആ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടു് നമ്മുടെ മുമ്പിലുണ്ടു്, അതിൽ വളരെ പ്രധാനപ്പെട്ട പല കാര്യങ്ങളും പറഞ്ഞിട്ടുണ്ടു്. അതിൽ അവർ അഭിപ്രായപ്പെട്ടിരിക്കുന്നതു പ്രധാനപ്പെട്ട കാര്യമാണു് നേതൃത്വത്തിന്റെ ഒരു രണ്ടാം നിരയെ ഉണ്ടാക്കിയെടുക്കണമെന്നുള്ളതു്. ഒരു പഞ്ചായത്തു നടത്തേണ്ട കാര്യങ്ങളെ സംബന്ധിച്ചു്, ഇവിടത്തെ കാര്യങ്ങളും ചെയ്യാൻ കഴിവുള്ള എം. എൽ. എ. മാരെപ്പോലെയോ, എം. പി മാരെപ്പോലെയോ പ്രഗൽഭരായ ചെറുപ്പക്കാരായ യുവാക്കന്മാർ ഏതു ഗ്രാമത്തിലും കാണാൻ കഴിയും. അതുപോലെതന്നെ ജില്ലാ തലങ്ങളിലും താലൂക്കുകളിലും കാണാൻ കഴിയും. ഇങ്ങനെയുള്ള ആളുകളെ തിരഞ്ഞെടുത്തു് അവർക്കു് പൂർണ്ണമായ ഉത്തരവാദിത്വം കൊടുത്തു് കാര്യങ്ങളും നടത്തുമ്പോഴും എം. എൽ. എ. മാർക്കു് വാസ്തവത്തിൽ ഇവർക്കു് ആവശ്യമായ ഉപദേശം കൊടുക്കേണ്ടതിൽ കൂടുതലായി ഒന്നും ആവശ്യമില്ല എന്നു ചിന്തിക്കുന്നവരാണു് നല്ല ഒരു വിഭാഗം ആളുകളും. ഞാനും ആ ഭാഗത്താണു്, സെക്രട്ടറിയേറ്റും, മന്ത്രിമാരും, അസംബ്ലിയും രാജ്യത്തിന്റെ പൊതുവായ കാര്യങ്ങളിലും നയരൂപീകരണത്തിലും കൂടുതൽ ശ്രദ്ധപതിപ്പിച്ചു കൊണ്ടുവരായിത്തീരണമെന്നുള്ളതാണു് പ്രധാനമായിട്ടുള്ളതു്. മറ്റുള്ള കാര്യങ്ങളും താഴെ തലങ്ങളിലേയ്ക്കു് വിട്ടുകൊടുക്കേണ്ടതാണു്. ഡിസ്ട്രിക്ടു് ലവലിലും, ബ്ലോക്കു് ലവലിലും പഞ്ചായത്തു ലവലിലും കാര്യങ്ങൾ നടത്താൻ നിർദ്ദേശിക്കുകയും അതിനുള്ള അവകാശം അവർക്കു വിട്ടുകൊടുക്കുകയുമാണു് നല്ലതു്. ഇതാണു് നല്ലൊരു വിഭാഗം ആളുകളുടേയും എന്റെയും അഭിപ്രായം. എം. എൽ. എ. മാർ രാജ്യത്തിനു വേണ്ടുന്ന കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുകയാണു് കൂടുതൽ നല്ലതു്. ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എസ്സ്. ശ്രീനിവാസൻ]

കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു് എം. എൽ. എ. മാരുടെ ഉപദേശവും നിർദ്ദേശങ്ങളും ഈ സ്വയംഭരണ സ്ഥാപനങ്ങൾക്കു സഹായകമാവുക എന്നതുമാത്രം മതിയാവുമെന്നു തോന്നുന്നു.

**Mr. Speaker:** Mr. Srinivasan, You can continue tomorrow.

## PRIVATE MEMBERS' BUSINESS

### Adoption of Report

10 a. M.

**Mr. Speaker:** I call upon Shri K. V. Narayanan Chairman of the Committee on Private Members' Bills and Resolutions in 1964, to move for the adoption of the Third Report.

**Shri K. V. Narayanan:** Sir, I move that the Third Report of the Committee on Private Members' Bills and Resolutions in 1964, be adopted.

**Shri M. Krishnan:** I second it.

The motion was put and carried.

## RESOLUTION I

### Establishment of Crmeatoriums, burial grounds etc.- Revision and issue of suitable rules.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഞാൻ താഴെ പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു. "സെമിത്തേരികൾ, ശ്മശാനങ്ങൾ, കബറടക്ക സ്ഥലങ്ങൾ ഇവകൾ പുതുതായി ആരംഭിക്കുന്നതിനെ സംബന്ധിച്ചു് കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ഇന്നു നിലവിലുള്ള നിയന്ത്രണങ്ങൾ മാറ്റംചെയ്തു് കൂടുതൽ സൗകര്യപ്രദമായ രൂപകം നിർമ്മിച്ചു് കേരള വ്യാപകമായി ഒരു ഏകീകരണം വരുത്തുവാൻ ഈ സഭ ഗവണ്മെൻറിനോടു് അപേക്ഷിക്കുന്നു.

ഈ പ്രമേയം അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചതു് മുമ്പുതന്നെ ഉണ്ടായിരുന്ന ശ്മശാനങ്ങളും കബറടക്ക സ്ഥലങ്ങളും ഇന്നു് തുടർന്നുപയോഗിക്കാൻ സാധിക്കാതെവരുന്ന സ്ഥിതിയും, പുതുതായി ഇവ നിർമ്മിക്കുന്ന കാര്യത്തിൽ വിവിധ വിഷമങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനുഭവവുമാണു്. മരിച്ചുകഴിഞ്ഞാൽ ശവം ചുട്ടുകരിക്കുന്ന സമുദായങ്ങളും കഴിച്ചുമൂടുന്ന സമുദായങ്ങളും നമ്മുടെ നാട്ടിലുണ്ടു്. ഹിന്ദു സമുദായത്തിൽപ്പെട്ട ഒരു വിഭാഗം ശവം ചുട്ടുകരിക്കലിൽ വിശ്വസിക്കുമ്പോൾ, മറെറാരു വിഭാഗം ശവം കഴിച്ചു മൂടുന്നതിൽ വിശ്വസിക്കുന്നുണ്ടു്. ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ, ജൂതർ, എന്നീ വിഭാഗങ്ങളിൽപ്പെട്ട ആളുകൾ ശവം കഴിച്ചുമൂടണമെന്നുള്ളതിൽ നിർബന്ധമായും വിശ്വസിക്കുന്നു. മുനിസിപ്പാലിറ്റികൾ, കാർപ്പറേഷൻ എന്നിവയിൽപ്പെടുന്ന പട്ടണ പ്രദേശങ്ങളിൽ ഈ ആവശ്യത്തിനു് വിവിധ സമുദായങ്ങൾ ലൈസൻസു് എടുത്തു് സ്ഥലം നീക്കിവച്ചു് കാര്യങ്ങൾ നടത്തിവരികയാണു്. ചുടുകാടിനും ലൈസൻസു് ആവശ്യമാണു്. മുസ്ലീങ്ങളെ സംബന്ധിച്ചാണെങ്കിൽ, പള്ളിയോടു ചേർന്ന സ്ഥലങ്ങളിലാണു് ഗ്രാമ പ്രദേശങ്ങളിൽ ശവം മറവു ചെയ്യുന്നതു്. ക്രിസ്ത്യാനികളും ജൂതരും ഈ സംപ്രദായംതന്നെയാണു് തുടർന്നു വരുന്നതു്. മറെറ സമുദായങ്ങൾ അവരുടെ സ്വന്ത പാർപ്പിട സ്ഥലത്തുതന്നെ ചുട്ടുകരിക്കുകയോ കഴിച്ചുമൂടുകയോ ചെയ്യുന്നുണ്ടു്. വളരെ പൂവ്വീകമായി പള്ളിയോടു തൊട്ടുള്ള സ്ഥലങ്ങൾ ഉപയോഗിച്ചു വരുന്നതു് ഇന്നത്തെ നിലയിൽ പോരാതെ വരുമ്പോൾ, പുതിയ സ്ഥലത്തിനു് പ്രത്യേകമായി ലൈസൻസു് എടുക്കണമെന്നു് ഇന്നു വ്യവസ്ഥയുണ്ടു്. ജനസംഖ്യ വർദ്ധിച്ചു

LIBRARY ARCHIVES Kerala Legislative Assembly